പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1044**

20.03.2012 **ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ വായ്പ നൽകുന്നതിലെ നിയന്ത്രണം

**ചോദ്യം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. വി.എം. ഉമ്മർമാസ്റ്റർ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്ക്കാരികവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മെരിറ്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്കു മാത്രമായി വിദ്യാഭ്യാസ വായ്പ പരിമിതപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാതൃകാ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)എങ്കിൽ സ്വാശ്രയ കോഴ്സുകളിൽ ചേരാൻ നിർബന്ധിതരാകുന്ന മിടുക്കരായ കുട്ടികളുടെ ഉന്നതപഠനത്തെ സാരമായി ബാധിക്കുന്ന ഈ നീക്കത്തിനെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) മെരിറ്റ് ക്വാട്ടയിലല്ലാതെ സ്വാശ്രയ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് ഇന്ത്യൻ ബാങ്ക്സ് അസ്സോസ്സിയേഷൻ രൂപപ്പെടുത്തിയിട്ടുള്ള പദ്ധതിക്ക് പുറത്ത് അതാതു ബാങ്കിന്റെ മാനദണ്ഡങ്ങൾക്കു വിധേയമായി വിദ്യാഭ്യാസവായ്പകൾ നൽകി വരുന്നുണ്ട്. ഇതിനു പുറമേ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്കു വേണ്ടി മാതൃകാപരമായ ഒരു വിദ്യാഭ്യാസ വായ്പാ പദ്ധതി സംസ്ഥാനതല ബാങ്കേഴ്സ് സമിതി രൂപപ്പെടുത്തി ബാങ്കുകളുടെ പൊതു അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഒരേ കോഴ്സിന് വ്യത്യസ്ത ഫീസ് നിരക്കുകൾ പ്രാബല്യത്തിലുള്ള സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഫീസ് നിരക്ക് കണക്കിലെടുത്തു മാത്രമേ വായ്പ അനുവദിക്കൂ എന്ന ബാങ്കുകളുടെ നിലപാട് മൂലമുള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) ഇന്ത്യൻ ബാങ്ക്സ് അസ്സോസ്സിയേഷന്റെ മാനദണ്ഡപ്രകാരം അതാതു സംസ്ഥാന സർക്കാർ/സർക്കാർ നിയമിച്ച കമ്മീഷൻ അംഗീകരിച്ച ഫീസ് നിരക്കുകൾ/ഘടന പ്രകാരം മാത്രമേ വിദ്യാഭ്യാസവായ്പ അനുവദിയ്ക്കാറുള്ളു. |
| (ഡി) സംസ്ഥാനത്തെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടുമോ? | (ഡി) ഇന്ത്യൻ ബാങ്ക്സ് അസ്സോസിയേഷന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 01/09/11 മുതൽ ബാധകമാക്കിയ മാതൃകാ വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള വായ്പ ലഭിക്കുന്നില്ലെന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ